ലഭ്യമാകുന്നുണ്ട്. കൂടുതലായി വേണ്ടിവരുന്ന വൈദ്യുതി, വ്യാപാരികൾ വഴി കരാർ മുഖേന ലഭ്യമാക്കുന്നു. 400 മെഗാവാട്ട് വൈദ്യുതി, Case-1 Bid വഴി (വൈദ്യുതി വ്യാപാരികളായ NVVN മുഖേന 300 MW, PTC മുഖേന 100 MW) 2017 ഫെബ്രുവരി വരെ ലഭ്യമാക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്. 300 മെഗാവാട്ട് വൈദ്യുതി, ദക്ഷിണേന്ത്യയിലെ സിംഹാപുരി നിലയത്തിൽ നിന്നും (PTC മുഖേന) 2015 ജൂൺ മുതൽ 2016 മേയ് 31 വരെ ലഭ്യമാക്കുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്.

210 മെഗാവാട്ട് വൈദ്യുതി LANCO, Kondapally-ൽ നിന്ന് 2015 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ, കേന്ദ്ര ഗവൺമെന്റിന്റെ 2015-16, 2016-17 വർഷത്തേക്കുള്ള വാതകാധിഷ്ഠിത വൈദ്യുതോല്പാദന ശേഷി ഉപയോഗപ്പെടുത്തൽ പദ്ധതി പ്രകാരം (Scheme for utilization of gas based power generation capacity for the Year 2015-16 & 2016-17) വാങ്ങുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിൽ കൂടുതലായി വേണ്ടിവരുന്ന വൈദ്യുതി, പവർ എക്സ്ചേഞ്ചുകളിൽ നിന്നാണ് ലഭ്യമാക്കി വരുന്നത്.

ലാഭപ്രഭ പദ്ധതി

14 (3167) ശ്രീ. കെ. അച്ചുതൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കാൻ എന്തെല്ലാം പ്രോത്സാഹനങ്ങളും സമ്മാനപദ്ധതികളുമാണ് ലാഭപ്രഭ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്;വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന ഏതു യൂണിറ്റ് വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതി മുഖേന സമ്മാനങ്ങൾ നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം പരമാവധി കുറച്ച് ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് തുടങ്ങിയ നിയന്ത്രണങ്ങൾ ഒഴിവാക്കാൻവേണ്ടി ഊർജ്ജസംരക്ഷണം ഒരു ദിനചര്യയാക്കാൻ ഉപഭോക്താക്കളെ നിരന്തരം ഓർമ്മിപ്പിക്കുകയും പ്രേരിപ്പിക്കുകയും സജ്ജമാക്കുകയും ചെയ്യുന്നതിനു വേണ്ടിയുള്ള ബൃഹത്തായ ഊർജ്ജ സംരക്ഷണ പ്രചാരണ പരിപാടിയാണ് ലാഭപ്രഭ.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ വർഷത്തെ ലാഭപ്രഭ പദ്ധതിയിൽ സമ്മാനാർഹരായവരെ ഊർജ്ജ സംരക്ഷണ അംബാസഡർമാരായി നിയോഗിച്ച് സ്കൂളുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, എൻ.എസ്.എസ്., എൻ.സി.സി., പഞ്ചായത്തുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തി പ്രചാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ടെസ്റ്റ്പെൻ, സി.എഫ്.എൽ. ലാമ്പുകൾ, സൗരോർജ്ജ റാന്തലുകൾ, സൗരോർജ്ജാധിഷ്ഠിത ഇൻവർട്ടറുകൾ, ഗ്രിഡുമായി ബന്ധിപ്പിക്കാവുന്ന സൗരോർജ്ജ പ്രോജക്ട് തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മാന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) 2013 മാർച്ച് 23-ന് ആരംഭിച്ച് മേയ് 31-ന് അവസാനിച്ച ലാഭപ്രഭ സീസൺ I കാമ്പയിൻ പീരിയഡിൽ ഉദ്ദേശം 22,80,750 യൂണിറ്റ് വൈദ്യുതിയുടെ കുറവ് രേഖപ്പെടുത്തി. 2013 മാർച്ചിൽ പ്രതിദിനം ശരാശരി 62 ദശലക്ഷം യൂണിറ്റാണ് ഉപഭോഗം പ്രതീക്ഷിച്ചതെങ്കിലും ശരാശരി 58.85 ദശലക്ഷം യൂണിറ്റിന്റെ ഉപഭോഗമേ ഉണ്ടായിട്ടുള്ളൂ. 2013 മേയ് മാസത്തിൽ പ്രതിദിനം 59.9 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചെങ്കിലും ശരാശരി 57.1 ദശലക്ഷം യൂണിറ്റ് ആയിരുന്നു യഥാർത്ഥ ഉപഭോഗം. 2014 മാർച്ച് 1 മുതൽ മേയ് 31 -ന് അവസാനിച്ച ലാഭപ്രഭ സീസൺ-II കാമ്പയിൻ പീരിയഡിൽ മാർച്ചിൽ 10.77 ശതമാനം അധിക വൈദ്യുതി ഉപഭോഗമാണ് ഉണ്ടായിരുന്നത്. എന്നാൽ മേയ് മാസത്തിൽ അത് 8.02 ശതമാനമായി കുറയുകയും 9.47 ദശലക്ഷം യൂണിറ്റ് രേഖപ്പെടുത്തുകയും ചെയ്തു.

(സി) ലാഭപ്രഭ 2013 (സീസൺ-I) പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 139101 പേർക്ക് സി.എഫ്.എൽ. സൗജന്യമായി നൽകിയിട്ടുണ്ട്. ഏറ്റവും കൂടുതൽ വൈദ്യുതി ലാഭിച്ച 3857 പേർക്ക് സൗരോർജ്ജ റാന്തലുകൾ അതാതു സർക്കിൾ ഓഫീസുകൾ വഴി വിതരണം ചെയ്തു. ലാഭപ്രഭ 2014 (സീസൺ -II) പദ്ധതിയിൽ 193215 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർ ഓരോരുത്തർക്കും ഓരോ സി.എഫ്.എൽ. വീതം വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

വൈദ്യുത പ്രസരണ മേഖല

15 (3168) ശ്രീ. വർക്കല കഹാർ :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത പ്രസരണ മേഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly